PAN/9805/2020-J4(DP)

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
പബ്ലിക് ഓഫീസ് പി ഓ , 695033 ,
തിരുവനന്തപുരം
directorofpanchayat@gmail.com
0471-2323286 തീയതി : 25/01/2021

പഞ്ചായത്ത് ഡയറക്ടർ

ചീഫ് എഞ്ചിനീയർ
തദ്ദേശസ്വയംഭരണ വകുപ്പ്

സർ,

വിഷയം:- പഞ്ചായത്ത് വകുപ്പ്-RGSA-കരാർ അടിസ്ഥാനത്തിൽ അസി. എഞ്ചിനീയർമാരെ നിയമിക്കുന്നത് -അധിക നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1. ഈ ഓഫീസിലെ 26.08.2020 ലെ ഇതേ നമ്പർ കത്ത്
2. താങ്കളുടെ 21.12.2020 ലെ E3/3308/2019/CE/LSGD നമ്പർ കത്ത്

മേൽ വിഷയം സംബന്ധിച്ച് സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാന്റെ "ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം" എന്ന ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരില്ലാത്തതും താരതമ്യേന ജോലിഭാരം കൂടുതലുള്ളതുമായ ഗ്രാമപഞ്ചായത്തുകളിൽ കരാർ അടിസ്ഥാനത്തിൽ താത്കാലികമായി അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിക്കുന്നതിന് സൂചന (1) പ്രകാരം നിർദ്ദേശിച്ചിരുന്നു. 2019-20 സാമ്പത്തിക വർഷം ഇത്തരത്തിൽ അസി. എഞ്ചിനീയർമാരെ നിയമിച്ച 99 ഗ്രാമപഞ്ചായത്തുകളിലും പുതുതായി 146 ഗ്രാമപഞ്ചായത്തുകളിലും 2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി സൂചന (2) പ്രകാരം അറിയിച്ചിട്ടുള്ളതാണ്. ഇപ്രകാരം 245 ഗ്രാമപഞ്ചായത്തുകളിലും അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിക്കുമ്പോൾ പ്രതിമാസം 63,72,500/-രൂപ വേതനമായി വേണ്ടി വരുന്നതാണ്. (99*27500+146*25000). ഒരു വർഷത്തേയ്ക്ക് 7.65 കോടി രൂപയും വേണ്ടി വരുന്നുണ്ട്.

പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ അനുവദിക്കുന്നത് ഗഡുക്കളായാണ്. ഏതെങ്കിലും ഒരു ഘടകപദ്ധതിക്കായി മാത്രമായിട്ടല്ല തുക അനുവദിക്കുന്നത്. പദ്ധതിക്കായി ഈ സാമ്പത്തിക വർഷം ആദ്യഗഡുവായി 9.57 കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്. ലഭ്യമായ തുക മുഴുവൻ ഈ ഘടകപദ്ധതിക്കായി മാത്രം തുക വിനിയോഗിക്കുക എന്നുള്ളത് പ്രായോഗികമല്ല. നിലവിൽ ലഭിച്ച തുക ചെലവഴിച്ചതിന്

ശേഷം മാത്രമേ അടുത്ത ഗഡു ആവശ്യപ്പെടുന്നതിന് കഴിയുകയുള്ളു . അടുത്ത ഗഡു ലഭിക്കുന്നതിന് കാലതാമസം നേരിടുകയോ ലഭിക്കാതിരിക്കുകയോ ചെയ്താൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് വേതനം നൽകുന്നതിന് തടസ്സം നേരിടുന്നതിനും വേതനം ഇനത്തിൽ വലിയൊരു തുക കുടിശ്ശികയാകുന്നതിനും സാദ്ധ്യതയുണ്ട്. ആയതിനാൽ ഇനിയും അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ഇത്തരത്തിൽ നിയമനം നടത്തേണ്ടതില്ലായെന്നും നിലവിൽ നിയമിച്ചിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരെ ഈ സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് പിരിച്ചുവിടേണ്ടതാണെന്നും അറിയിക്കുന്നു. രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാന്റെ 2021-22 വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി പ്രസ്തുത ഘടക പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഇത്തരത്തിൽ നിയമനം നടത്തുന്നത് വീണ്ടും പരിഗണിക്കാവുന്നതാണ്.

വിശ്വസ്തതയോടെ

**DR.P.K.JAYASREE IAS**
**DIRECTOR OF PANCHAYATH**

മേലെഴുത്ത് നം: $E_3$-3308/2019/CE/LSGD Dtd 27/01/2021

പ്രസ്തുത കത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് വേണ്ട നടപടികളെടുക്കുവാൻ എല്ലാ നിർവ്വഹണാധികാരികളോടും അഭ്യർത്ഥിക്കുന്നു. കൂടാതെ ഇപ്രകാരം നിയമനം നടത്തിയിട്ടുള്ള (27/01/2021 [illegible] വരെ) ജീവനക്കാരുടെ വിവരങ്ങളും അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എല്ലാ നിർവ്വഹണാധികാരികൾക്കും

CE

Signature Not Verified

Digitally signed by P K Jayasree
Date: 2021.01.24 22:46:44 PST
Reason: Approved